(സി) ഇത്തരം വയർലെസ് സംവിധാനം തമിഴ്നാട്, കർണാടകം, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് എന്നാണറിവ്. വിശദ വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

സ്വകാര്യ പങ്കാളിത്തത്തോടെ റോഡുകളും പാലങ്ങളും നിർമ്മിക്കാൻ നടപടി

20 (*698) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ പങ്കാളിത്തത്തോടെ റോഡുകളും പാലങ്ങളും നിർമ്മിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ ഏതെങ്കിലും പദ്ധതികൾക്ക് ഇപ്രകാരം സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണെന്ന വിവരം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി & സി) എറണാകുളത്ത് മട്ടാഞ്ചേരി പാലം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് സ്വകാര്യ സംരംഭകനെ നിയോഗിച്ചു കഴിഞ്ഞു. കൂടാതെ കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, കണ്ണൂർ, തലശ്ശേരി-മാഹി ബൈപാസ്സുകൾ ഉൾപ്പെടെയുള്ള എൻ.എച്ച്. 17-ലെ കണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള ഭാഗം എന്നിവ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന് കേന്ദ്ര ഉപരിതല മന്ത്രാലയം അനുമതി നൽകിയതിൻ പ്രകാരം ചെന്നൈയിലെ എൽ. ആന്റ് റ്റി റാം ബോൾ എന്ന സ്ഥാപനത്തിന് നൽകുകയും അവർ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി & ഇ) ഉത്തരം 'എ'യിൽ വ്യക്തമാക്കിയിട്ടുണ്ട്.

റോഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ടെക്നിക്കൽ അസിസ്റ്റന്റ്സ് പ്രോജക്ട്

21 (*699) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ടെക്നിക്കൽ അസിസ്റ്റൻസ് പ്രോജക്ടിന് ലോകബാങ്കിൽ നിന്നും എന്ത് സഹായം ലഭ്യമായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly